<u>15 -ാം കേരള നിയമസഭ</u>

<u>10 -ാം സമ്മേളനം</u>

**<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 8</u>** **<u>29-01-2024 - ൽ മറുപടിയ്ക്ക്</u>**

**<u>പോലീസിന് ലാത്തി ഉപയോഗിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സി. ആർ. മഹേഷ്,<br>ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പോലീസിന് ലാത്തി ഉപയോഗിക്കുന്നതിനുള്ള ചട്ടങ്ങൾ, മാന്വൽ, മാനദണ്ഡങ്ങൾ എന്നിവ വിശദമാക്കാമോ; | (എ) | കേരള പോലീസ് മാന്വൽ (Chapter VI) സെക്ഷൻ 79 പ്രകാരം പോലീസ് ഉദ്യോഗസ്ഥർക്ക് കൃത്യനിർവ്വഹണത്തിന്റെ ഭാഗമായുള്ള പ്രതിരോധത്തിന് ലാത്തി ഉപയോഗിക്കുവാൻ അനുവാദമുണ്ട്. അക്രമാസക്തമായ ജനക്കൂട്ടത്തെ പിരിച്ചു വിടുവാൻ കൊളോണിയൽ കാലം മുതൽ പോലീസ് ഉദ്യോഗസ്ഥർക്ക് നൽകിയിരുന്ന ഡ്രിൽ പരിശീലന രീതി (Riot Drill & Handgun Drill), സംസ്ഥാന പോലീസ് മേധാവിയുടെ 03.03.2019-ലെ എക്സിക്യൂട്ടീവ് ഡയറക്ടീവ് നം.08/2019 പ്രകാരം ആധുനിക ജനാധിപത്യ സമൂഹത്തിന് ഉതകും വിധം ശാസ്ത്രീയമായി പരിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. |
| (ബി) | സമരം ചെയ്യുന്നവരുടെ തലയിൽ ലാത്തി ഉപയോഗിച്ച് അടിക്കാൻ നിയമപരമായി വ്യവസ്ഥ ചെയ്യുന്നുണ്ടോ; | (ബി) | സമരം ചെയ്യുന്നവരെ അടിക്കാൻ വ്യവസ്ഥയില്ല. |
| (സി) | ആലപ്പുഴയിൽ നടന്ന ഒരു സമരത്തിനിടെ പോലീസ് പ്രമുഖ പ്രതിപക്ഷ യുവജന സംഘടനയുടെ ജില്ലാ പ്രസിഡണ്ടിന്റെയും വനിതാ പ്രവർത്തകരുടെയും തലയ്ക്കടിച്ച് ഗുരുതരമായി പരിക്കേൽപ്പിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദമാക്കാമോ? | (സി) | ആലപ്പുഴ ജില്ലാ ഭരണകൂട ആസ്ഥാനത്തേയ്ക്ക് 100 ഓളം യൂത്ത് കോൺഗ്രസ്സ് പ്രവർത്തകർ ഒത്തുകൂടി നടത്തിയ ജാഥ ആലപ്പുഴ മുനിസിപ്പൽ ഓഫീസിന് മുന്നിൽ വെച്ച് പോലീസ് ബാരിക്കേഡ് ഉപയോഗിച്ച് തടയുകയുണ്ടായി. ഈ സമയം പ്രതിഷേധക്കാർ കയ്യിൽ കരുതിയിരുന്ന പട്ടിക കഷണങ്ങളും,കരിങ്കൽ കഷണങ്ങളും, ഇഷ്ടിക കഷണങ്ങളും കൊണ്ട് പോലീസിനെ ആക്രമിച്ചപ്പോൾ ലാത്തി വീശി പ്രതിഷേധക്കാരെ പിരിച്ചു വിട്ടിട്ടുള്ളതും, ഇതുമായി ബന്ധപ്പെട്ട് ആലപ്പുഴ സൗത്ത് പോലീസ് സ്റ്റേഷനിൽ ക്രൈം നം.68/24 പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതുമാണ്. പരിക്ക് പറ്റിയതായ ആരോപണം ഉന്നയിച്ച് ലഭിച്ച പരാതികളിന്മേൽ ആലപ്പുഴ അഡീഷണൽ പോലീസ് സൂപ്രണ്ട് അന്വേഷണം നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ